(ബി) എത്രപേരെ വിമോചിപ്പിച്ചിട്ടുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇപ്പോൾ ൨൫ പേർ തടങ്കലിൽ ഉണ്ട്.

(ബി) ൧൩.

പബ്ലിക്ക് സർവ്വീസ്

൩൦. (൩) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സഭയെ മറുപടി നല്കുമോ.—

(എ) ഇക്കഴിഞ്ഞ ഒമ്പതുവർഷത്തിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തപ്പെട്ടിട്ടുള്ള പബ്ലിക്ക് സർവ്വീസ് നിയമനങ്ങളുടെ ജാതി തിരിച്ചുള്ള പട്ടിക തയ്യാർ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരിൽ പുലയവിഭാഗക്കാർ എത്ര;

(സി) പറയർ എത്ര;

(ഡി) കുറവർ എത്ര;

(ഇ) യഥാക്രമം ഏതെല്ലാം സർവ്വീസുകളിൽ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ, ബി, സി, ഡി, ഇ) ആവശ്യപ്പെട്ടിട്ടുള്ള വിവരത്തിനു് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അപ്പോഴപ്പോൾ താവത്തെണ്ടു് ഗസറ്റിൽ പ്രസിദ്ധം ചെയ്തിട്ടുള്ള നിയമനലിസ്റ്റുകളിലേക്ക് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

മുണ്ടാർ എസ്റ്റേറ്റിലെ കൃഷി സ്ഥലം

൩൧. (൪) ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സഭയെ മറുപടി പറയുമോ.—

(എ) വൈക്കം താലൂക്കിൽ തലയാഴം പകുതിയിലുള്ള മുണ്ടാർ എസ്റ്റേറ്റിനു് ആകെ എത്ര വിസ്തീർണ്ണം ഉണ്ടു്;

(ബി) ആകെയുള്ള വിസ്തീർണ്ണത്തിൽ എത്രമാത്രം ഭാഗം ഇപ്പോൾ കൃഷിയിറക്കിയിട്ടുണ്ടു്;

(സി) കൃഷിയിറക്കിയിട്ടുള്ള സ്ഥലത്തു് ഏക്കറിനു് ശരാശരി എന്തു വിളവു് ഉണ്ടായിട്ടുണ്ടു്;

(ഡി) കൃഷിയിറക്കിയിട്ടുള്ള സ്ഥലത്തു് ഈ കൊല്ലം പുത്തനായി കൃഷിയിറക്കിയിട്ടുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം എന്താണു്;

(ഇ) തരിശായി ഇട്ടിരിക്കുന്ന സ്ഥലം അടുത്ത കൊല്ലമെങ്കിലും കൃഷി ചെയ്യിപ്പിക്കുന്നതിനു് ആവശ്യമായ എന്തെങ്കിലും നടപടികൾ താവത്തെണ്ടു് സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എന്താണു്?

നിയമവും, ധനകാര്യവും, റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൨, ൭൯൫ ഏക്കർ ൫൭ സെൻറ്.

(ബി) ഉദ്ദേശം ൭൦൦ ഏക്കർ.

(സി) ഉദ്ദേശം ഒരേക്കറിനു് ൩൫ പറവീതം.

(ഡി) ൩൦൦ ഏക്കർ.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്.

(എഫ്) ജലസേചനസൌകര്യാർത്ഥം ഈ എസ്റ്റേറ്റിൽകൂടി ഒരു പുതിയ തോടുവെട്ടിവരുന്നു.

കാരക്കോണം ഡിസ്പെൻസറി

൩൫. (൬) ശ്രീ. എസ്സ്. കുട്ടൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽമന്ത്രി സദയം മറുപടി നല്കുമോ.—

(എ) നെയ്യാറ്റിൻകര താലൂക്കിൽ മൂന്നാം നിയോജകമണ്ഡലത്തിൽ നടന്ന ഉപതിരഞ്ഞെടുപ്പുകാലത്തു കാരക്കോണം എന്ന സ്ഥലത്തു ഒരു ഡിസ്പെൻസറി സ്ഥാപിച്ചിട്ടുണ്ടായിരുന്നോ;

(ബി) ആ ഡിസ്പെൻസറിയിൽ ഇപ്പോൾ ഡാക്ടരോ, മിഡ്വൈഫോ ഉണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

കാർഷികാദായ നികുതി

൩൬. (൭) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

൧൯൫൦, ൧൯൪൯, ൧൯൪൮, ൧൯൪൭ ഈ കൊല്ലങ്ങളിൽ ചേർത്തല താലൂക്കിൽനിന്നും കാർഷികാദായ നികുതിയിനത്തിൽ ഈടാക്കിയിട്ടുള്ള തുക എത്ര വീതം?

നിയമവും, ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

൧൯൫൦, ൧൯൪൯, ൧൯൪൮ ഈ വർഷങ്ങളിൽ കാർഷികാദായ നികുതിക്കു് പ്രത്യേകമായി കണക്കുകൾ സൂക്ഷിച്ചു വന്നിരുന്നില്ല. ൧൯൪൭-ൽ ആകട്ടെ കാർഷികാദായ നികുതി ഒരു പ്രത്യേക പട്ടികയുടെ അടിസ്ഥാനത്തിലാണു് ചുമത്തപ്പെട്ടിരുന്നതെങ്കിലും, ഇതു സംബന്ധിച്ചു മുൻപുള്ള കത്തിടപാടുകളും, സംഗതങ്ങളായ റിക്കാർഡുകളും സാമ്പത്തിക സംയോജനസമയത്തു കേന്ദ്രത്തിലേക്കു മാറിയിട്ടുള്ളതിനാൽ ആവശ്യമായ വിവരങ്ങൾ നൽകുവാൻ നിവൃത്തിയില്ല.

APPENDIX

Questions and Answers laid on the table†

Number within brackets indicates the serial numbers in the lists of admitted questions for the respective days to which the questions were posted.

Questions posted for answer on 13th March 1951

EX-SERVICE MEN

*480. [2] **Sri. K. Ramachandran :** Will the Hon'ble Minister for Education Food and Labour be pleased to state the number of Ex-service personnel absorbed in Government services during 1950 and their number absorbed in private employment through the Resettlement Exchange ?

†The answers herein published are in respect of questions which were included in the lists for previous days of the session for which answers were not ready on the respective days and were furnished subsequently. Such answers together with the questions to which they relate were laid on the table of this day.

LIBRARY ARCHIVES Kerala Legislative Assembly